REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-06-2024 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- 18-ാം ലോക്സഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ഇന്നും തുടരും. സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ.
- സപ്ലൈകോ അമ്പതാം വാർഷിക പരിപാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.
- വിലക്കയറ്റം നേരിടാൻ കർഷകരിൽ നിന്ന് പച്ചക്കറി നേരിട്ട് സംഭരിച്ച് ഹോർട്ടി കോർപ്പ് വഴി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതായി മന്ത്രി പി. പ്രസാദ്.
- മിൽമ തൊഴിലാളികൾ ഇന്ന് മുതൽ നടത്താനിരുന്ന അനിശ്ചിതകാല പണിമുടക്ക് പിൻവലിച്ചു.
- സംസ്ഥാനത്ത് കനത്ത മഴ തുടരന്നു. പലയിടങ്ങളിലും നാശനഷ്ടം. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ 8 പോരാട്ടത്തിൽ, ഓസ്ട്രേലിയയെ 24 റൺസിന് കീഴടക്കി ഇന്ത്യ സെമിയിൽ.

## വാർത്തകൾ വിശദമായി

18-ാം ലോക്സഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ഇന്നും തുടരും. ആദ്യ ദിനമായ ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര മന്ത്രിമാരും

ഉൾപ്പെടെ 262 അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. സംസ്ഥാനത്ത് നിന്ന് കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി ഉൾപ്പെടെ എംപിമാരും ഇന്നലെ സത്യപ്രതിജ്ഞ ചെയ്തു. പ്രോടെം സ്പീക്കർ ഭർതൃഹരി മെഹ്താബാണ് അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തത്.

ലോക്സഭാ സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ നടക്കും. സ്പീക്കർ തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദേശ പത്രിക സർപ്പിക്കാൻ സമയം ഇന്ന് ഉച്ചയ്ക്ക് 12-ന് അവസാനിയ്ക്കും.

മറ്റന്നാൾ രാഷ്ടപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനത്തെ അഭിസംബോധന ചെയ്യും. രാജ്യസഭാ സമ്മേളനവും മറ്റന്നാൾ ആരംഭിക്കും. അടുത്ത മാസം മൂന്ന് വരെയാണ് പാർലമെന്റ് സമ്മേളനം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര മന്ത്രിസഭയോട് ബഹുമാനാർത്ഥം രാഷ്ട്രപതി ദ്രൗപതി മുർമു ഇന്നലെ വൈകീട്ട് രാഷ്ട്രപതി ഭവനിൽ അത്താഴ വിരുന്ന് സംഘടിപ്പിച്ചു.

നേരത്തെ വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകൻ രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തി.

✪✪✪

കേന്ദ്രമന്ത്രി J.P നദ്ദയെ ബിജെപി രാജ്യസഭ നേതാവായി തിരഞ്ഞെടുത്തു. ഈ വർഷം ഫെബ്രുവരിയിലാണ് നദ്ദയെ ഗുജറാത്തിൽ നിന്ന് രാജ്യസഭയിലേക്ക് തെരഞ്ഞെടുത്തത്. പീയുഷ് ഗോയലിന്റെ പിൻഗാമിയായാണ് രാജ്യസഭ നേതാവായി നദ്ദ എത്തുന്നത്.

✪✪✪

സപ്ലൈകോ അമ്പതാം വാർഷിക പരിപാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. മന്ത്രി ജി ആർ അനിൽ അധ്യക്ഷത വഹിക്കും. സപ്ലൈകോ നടപ്പാക്കുന്ന ഫിഫ്റ്റി/ ഫിഫ്റ്റി പദ്ധതി മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

ഇന്ന് മുതൽ 50 ദിവസത്തേക്ക് 50 ഉൽപ്പന്നങ്ങൾക്ക് വിലക്കുറവും പ്രത്യേകം ഓഫറുകളും നൽകുന്നതാണ് ഫിഫ്റ്റി/ ഫിഫ്റ്റി പദ്ധതി.

✪✪✪

സംസ്ഥാനത്ത് പച്ചക്കറിക്ക് വില വർദ്ധിക്കുന്ന സാഹചര്യത്തിൽ കർഷകരിൽ നിന്ന് പച്ചക്കറി നേരിട്ട് സംഭരിച്ച് ഹോർട്ടി കോർപ്പ്, V.F.P.C.K വിപണികൾ മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതായി മന്ത്രി പി. പ്രസാദ് പറഞ്ഞു. കാലാവസ്ഥ വ്യതിയാനത്തെ തുടർന്നുണ്ടായ കൃഷി നാശം പച്ചക്കറി ഉത്പാദനത്തെ സാരമായി ബാധിച്ചതായി മന്ത്രി തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിലയിരുത്തി.

തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മുതൽ സഞ്ചരിക്കുന്ന പച്ചക്കറി വിപണന ശാലകൾ സജ്ജമാകും. തുടർന്ന് കൂടുതൽ ഇടങ്ങളിലേക്ക് വിപണന ശാലകൾ വ്യാപിപ്പിക്കുന്നതിനാണ് പദ്ധതിയിടുന്നത്.

പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ലഭ്യമാകുന്നിടത്തോളം സംഭരിക്കുന്നതിനും തികയാത്തത് ഇതര സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും കാർഷികോല്പാദക സംഘടനകളിൽ നിന്നും നേരിട്ട് സംഭരിക്കാനുമാണ് തീരുമാനമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ വിവിധ വിദ്യാർത്ഥി സംഘടനളുമായി മന്ത്രി വി ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും. ഉച്ചക്ക് ശേഷം സെക്രട്ടറിയേറ്റിലാണ് ചർച്ച.

വിദ്യാർത്ഥി സംഘടനകൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചാണ് മന്ത്രി സംഘടനകളെ ചർച്ചയ്ക്ക് വിളിച്ചത്.

✪✪✪

മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി ഇന്ന് നിയമസഭാ മാർച്ച് നടത്തും. മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി മാർച്ച് ഉദ്ഘാടനം ചെയ്യും.

✪✪✪

പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ പ്രതിഷേധിച്ച് K.S.U ഇന്ന് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ ബന്ദ് പ്രഖ്യാപിച്ചു. കെ എസ് യു സംസ്ഥാവന പ്രസിഡന്റ് അലോഷ്യസ് സേവ്യർ ആണ് ബന്ദിന് ആഹ്വാനം ചെയ്തത്.

പ്ലസ് വൺ ക്ലാസുകൾ ആരംഭിച്ചിട്ടും സീറ്റ് പ്രതിസന്ധി പരിഹരിക്കാതെ വിദ്യാർത്ഥികളെ വഞ്ചിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിലും കെ.എസ്.യു പ്രതിഷേധത്തെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താനുള്ള ശ്രമത്തിലും പ്രതിഷേധിച്ചാണ് വിദ്യാഭ്യാസ ബന്ദ് ആചരിക്കുന്നതെന്ന് അലോഷ്യസ് സേവ്യർ വ്യക്തമാക്കി.

✪✪✪

ഇന്ത്യ ആതിഥ്യം വഹിക്കുന്ന ഇൻറർനാഷണൽ ഷുഗർ ഓർഗനൈസേഷൻ കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി യോഗം ഉദ്ഘാടനം ചെയ്യും. 30ലധികം രാജ്യങ്ങളിൽ നിന്നുള്ള നിരവധി അന്താരാഷ്ട്ര സംഘടന പ്രതിനിധികൾ മൂന്നു ദിവസത്തെ യോഗത്തിൽ പങ്കെടുക്കും. പഞ്ചസാര, ജൈവ ഇന്ധന മേഖലകളിലെ വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ചയാകും.

ലോകത്തെ ഏറ്റവും വലിയ പഞ്ചസാരയുടെ ഉപഭോക്താവും രണ്ടാമത്തെ ഏറ്റവും വലിയ ഉത്പാദകരുമാണ് ഇന്ത്യ.

✪✪✪

ഇന്റലിജൻസ് ബ്യൂറോ മേധാവി തപൻ കുമാർ ദേകയുടെ കാലാവധി അടുത്ത വർഷം ജൂൺ വരെ ഒരു വർഷത്തേക്ക് നീട്ടി നൽകി. കേന്ദ്ര മന്ത്രിസഭയുടെ നിയമന കാര്യ സമിതിയാണ് കാലാവധി നീട്ടി നൽകുന്നതിന് അംഗീകാരം നൽകിയത്. ഹിമാചൽ പ്രദേശ് കേഡറിലെ 1988 ബാച്ച് I.P.S ഉദ്യോഗസ്ഥനാണ് തപൻ കുമാർ ദേക.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി ജനറലായിരുന്ന ഭരത് ലാലിന്റെ കാലാവധിയും ഈ വർഷം ജൂൺ 30 മുതൽ ഒരു വർഷത്തേക്ക് നീട്ടി നൽകി.

✪✪✪

മിൽമ തൊഴിലാളികൾ ഇന്ന് മുതൽ നടത്താനിരുന്ന അനിശ്ചിതകാല പണിമുടക്ക് പിൻവലിച്ചു. അഡീഷനൽ ലേബർ കമ്മിഷണറുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം.

ചർച്ചയിൽ അടുത്ത മാസം 15നകം ശമ്പള പരിഷ്കരണം നടപ്പാക്കുമെന്ന് മാനേജ്മെന്റ് തൊഴിലാളികൾക്ക് ഉറപ്പു നൽകിയതിന് പിന്നാലെയാണ് സമരം പിൻവലിച്ചത്.

മിൽമയിൽ തൊഴിലാളികളുടെ ദീർഘകാല കരാർ നടപ്പിലാക്കുന്നതിലെ കാലതാമസത്തിൽ പ്രതിഷേധിച്ചാണ് ട്രേഡ് യൂണിയനുകൾ സംയുക്തമായി സമരം നടത്താൻ തീരുമാനിച്ചിരുന്നത്.

✪✪✪

ഛത്തിസ്ഗഢിൽ മാവോയിസ്റ്റ് ആക്രമണത്തിൽ വീരമൃത്യു വരിച്ച CRPF ജവാൻ ആർ വിഷ്ണുവിന്റെ

മൃതദേഹം ഇന്ന് തിരുവനന്തപുരം പാലോട്ടെ വീട്ടിൽ എത്തിക്കും. പുലർച്ചെയോടെ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിക്കുന്ന മൃതദേഹം അവിടെ നിന്നും വീട്ടിലേക്ക് കൊണ്ടുപോകും. ഉച്ചയ്ക്ക് കരുമംകോട് ശാന്തി കവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം നടക്കും.

ആക്രമണത്തിൽ വിഷ്ണുവിനൊപ്പം ഉത്തർപ്രദേശ് സ്വദേശി ശൈലേന്ദ്രയും വീരമൃത്യു വരിച്ചിരുന്നു.

✪✪✪

25 ലക്ഷം രൂപ വരെ ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ഒഴിവാക്കിയതായി മന്ത്രി കെ എൻ ബാലഗോപാലിന്റെ ഓഫീസ് അറിയിച്ചു. ട്രഷറി വേയ്സ് ആന്റ് മീൻസ് പരിധി ഉയർത്തി. 25 ലക്ഷം രൂപ വരെ എല്ലാ ബില്ലുകളും മാറി നൽകാൻ ട്രഷറി വകുപ്പിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

തിരുവനന്തപുരം - കൊച്ചുവേളി ഇൻഡസ്ട്രിയൽ ഏരിയയിലെ കമ്പനിയിൽ വൻ തീപിടുത്തം. ഇന്ന് പുലർച്ചെ നാല് മണിയോടെയാണ് തീപിടുത്തം ഉണ്ടായത്. അഗ്നിശമന സേനാ യൂണിറ്റുകൾ എത്തി തീയണയ്ക്കാൻ ശ്രമം തുടരുന്നു.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. പലയിടത്തും മരങ്ങൾ കടപുഴകി വീണ് നാശനഷ്ടങ്ങളുണ്ടായി. ചിലയിടങ്ങളിൽ വീടുകൾ തകർന്നു.

ഡെസ്ക് റിപ്പോർട്ട് ...........

...........വോയ്സ്..........

ആലുവ ചെങ്ങമനാട് ഭാഗത്ത് ഇന്നലെ ഉണ്ടായ ചുഴലിക്കാറ്റിൽ 14 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. എടവനക്കാട് വില്ലേജിൽ കടൽക്ഷോഭം മൂലം ചില വീടുകളിൽ വെള്ളം കയറി.

എറണാകുളം ജില്ലയിൽ നേര്യമംഗലത്തിന് സമീപം വല്ലാഞ്ചിറയിൽ കാറിനു മുകളിലേക്ക് മരം കടപുഴകി വീണുണ്ടായ അപകടത്തിൽ കാർ യാത്രികനായ പാണ്ടിപ്പാറ സ്വദേശി ജോസഫ് മരിച്ചു. കാറിൽ ഉണ്ടായിരുന്ന രണ്ട് സ്ത്രീകൾ ഉൾപ്പെടെ മൂന്ന് പേരെ കോതമംഗലത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാജകുമാരി മുരിക്കുംതൊട്ടി സ്വദേശികളുടെ വാഹനത്തിന് പുറത്തേക്കാണ് മരം കടപുഴകി വീണത്.

ഇടുക്കിയിൽ വാളറ ചീയപ്പാറക്ക് സമീപം കടക്ക് മുകളിലേക്കും മരം ഒടിഞ്ഞു വീണു.

പാലക്കാട് അട്ടപ്പാടിയിൽ രണ്ടിടങ്ങളിൽ മരം കടപുഴകി വീണ് രണ്ടു പേർക്ക് പരിക്കേറ്റു. ചിറ്റൂർ -ഷോളയൂർ റോഡിൽ സ്ക്കൂട്ടറിന് മുകളിലേക്ക് മരം വീണ് യാത്രക്കാർക്ക് പരിക്കേറ്റു. കക്കുപ്പടിയിൽ ഓടുന്ന കാറിനു മുകളിലേക്ക് മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. യാത്രക്കാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

കണ്ണൂരിൽ മുഴപ്പിലങ്ങാട് മരം വീണ് വീടിന് കേടു പറ്റി. മട്ടന്നൂർ കൊതേരിയിൽ മരം കടപുഴകി ട്രാൻസ്ഫോർമറും വൈദ്യുതത്തൂണുകളും തകർന്നു. തലശ്ശേരി കാവുംഭാഗത്ത് ഓടിക്കൊണ്ടിരു ഓട്ടോയുടെ മുകളിൽ മരം വീണു. യാത്രക്കാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

കോഴിക്കോട് ജില്ലയിൽ ഗ്രാമീണ മേഖലയിൽ രാത്രി ശക്തമായ മഴ ലഭിച്ചു. വടകര അടയ്ക്കാതെരുവിലും മാമ്പറ്റയിലും റോഡിൽ മരം വീണുണ്ടായതടസ്സം ഫയർ ഫോഴ്സ് എത്തി നീക്കം ചെയ്തു.

✪✪✪

ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജഗ്രതയും പ്രഖ്യാപിച്ചു.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ അഞ്ച് ദിവസം മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെ വേഗത്തിലും ചില സമയങ്ങളിൽ 55 കിലോമീറ്റർ വേഗത്തിലും കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

മൂന്നാർ രാമസ്വാമി അയ്യർ ഹെഡ് വർക്സ് ഡാമിന്റെ 3 ഷട്ടറുകൾ 10 സെൻറീമീറ്റർ വീതം ഉയർത്തി നിയന്ത്രിത അളവിൽ ജലം മുതിരപ്പുഴ ആറിലേക്ക് ഒഴുക്കി തുടങ്ങി.

പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം ജലവൈദ്യുത പദ്ധതിയിലേക്ക് വെള്ളം എത്തിക്കുന്ന പെൻസ്റ്റോക്ക് വാൽവിൽ ചോർച്ച പരിഹരിക്കുന്നതിന് ജലനിരപ്പ് നിയന്ത്രിക്കുന്നതിൻെറ ഭാഗമായാണ് നടപടി.

മുതിരപ്പുഴ ആറിന്റെ ഇരുകരകളിലും താമസിക്കുന്നവർ അതീവ ജാഗ്രത പുലർത്തണമെന്ന് ഇടുക്കി ജില്ലാ കളക്ടർ ഷീബ ജോർജ് അറിയിച്ചു.

✪✪✪

മഴ തുടരുന്ന സാഹചര്യത്തിൽ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി ദേശീയ ദുരന്ത പ്രതികരണ സേന എറണാകുളം ജില്ലയിലെത്തി. കമാൻഡ് ഇൻസ്പെക്ടർ ജി.സി. പ്രശാന്തിന്റെ നേതൃത്വത്തിൽ രണ്ട് സബ് ഓർഡിനേറ്റ് ഓഫീസർമാരുടമക്കം 32 അംഗ സംഘമാണ് എത്തിയത്.

അടിയന്തര സാഹചര്യമുണ്ടായാൽ നേരിടുന്നതിന് ബോട്ടുകൾ ഉൾപ്പടെ എല്ലാ സുരക്ഷാ ഉപകരണങ്ങളുമായാണ് സംഘമെത്തിയിരിക്കുന്നത്.

✪✪✪

സെന്റ് ലൂസിയയിൽ, ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ 8 പോരാട്ടത്തിൽ, ഓസ്ട്രേലിയയെ 24 റൺസിന് കീഴടക്കി ഇന്ത്യ സെമി ഫൈനലിൽ കടന്നു. 206 റൺസ് വിജയലക്ഷ്യവുമായി ക്രീസിലിറങ്ങിയ ഓസ്ട്രേലിയക്ക് ഏഴു വിക്കറ്റ് നഷ്ടത്തിൽ 181 റൺസെടുക്കാനേ സാധിച്ചുള്ളൂ.

മറ്റന്നാൾ രാത്രി എട്ടിന് ഗയാനയിൽ നടക്കുന്ന രണ്ടാം സെമി ഫൈനലിൽ ഇംഗ്ലണ്ടാണ് ഇന്ത്യയുടെ എതിരാളികൾ. ദക്ഷിണാഫ്രിക്കയൊണ് സെമിയിൽ കടന്ന മറ്റൊരു രാജ്യം.

ഇന്നത്തെ അഫ്ഗാനിസ്ഥാൻ - ബംഗ്ലാദേശ് മത്സരം പുലർച്ചെ ആരംഭിച്ചു. ടോസ് നേടിയ അഫ്ഗാനിസ്ഥാൻ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ അഫ്ഗാനിസ്ഥാൻ 11 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 59 റൺസെടുത്തിട്ടുണ്ട്.

യൂറോകപ്പ് ഫുട്ബോൾ ഗ്രൂപ്പ് ബി മത്സരത്തിൽ അൽബേനിയക്കെതിരെ സ്പെയിനിന് ജയം. എതിരില്ലാത്ത ഒരു ഗോളിനാണ് സ്പെയിൻ അൽബേനിയയെ തകർത്തത്. 13-ാം മിനിറ്റിൽ ഫെറാൻ ടോറസ് ആണ് സ്പെയിനിനായി ഗോൾ നേടിയത്. ക്രൊയേഷ്യയക്കെതിരെയും ഇറ്റലിക്കെതിരെയും ജയം നേടിയ സ്പെയിൻ നേരത്തേ തന്നെ പ്രീക്വാർട്ടർ ഉറപ്പിച്ചിരുന്നു.

ഇന്ന് ഫ്രാൻസ് പോളണ്ടിനെയും നെതർലെൻഡ്സ് ഓസ്ട്രിയയെയും നേരിടും.

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത് പതിനാറാം വാർഡിലെ നീരേക്കടവിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. ഇതേ തുടർന്ന് പഞ്ചായത്തിലെ 15,16,17 വാർഡുകളിൽ പക്ഷികളുടെയും ബന്ധപ്പെട്ട ഉത്പന്നങ്ങളുടെയും വിപണനവും വിൽപനയും കടത്തും

ഇനിയൊരറിയിപ്പ് ഉണ്ടാകുന്നത് വരെ പൂർണമായും നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവിറക്കി.

✪✪✪

കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ ആരംഭിച്ച നൂതന കാർഷിക കോഴ്സുകളെ പരിചയപ്പെടുത്തുന്ന കാർഷിക വിദ്യാഭ്യാസ സെമിനാർ ഇന്ന് കണ്ണൂരിൽ നടക്കും. രാവിലെ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ താവക്കര ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ ബി. അശോക് സെമിനാർ ഉദ്ഘാടനം ചെയ്യും.

✪✪✪

കേരള ലോകായുക്ത ജസ്റ്റിസ് ഹാറൂൺ അൽ റഷീദിന്റെ നേതൃത്വത്തിൽ ക്യാമ്പ് സിറ്റിംഗ് വെള്ളിയാഴ്ച കോഴിക്കോട്ട് നടക്കും.

✪✪✪